LIBRARY ARCHIVES Kerala Legislative Assembly

ഉടുമ്പൻചോലയിലെ ടൂറിസം വികസന പദ്ധതികൾ

76(1555) ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയമസഭാമണ്ഡലത്തിൽ ടൂറിസം വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഓരോന്നുനും എത്ര തുക വീതം നിർമ്മാണച്ചലവാകും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) രാമക്കൽമേട്, അഞ്ചരുളി ടൂറിസം പദ്ധതികളും ചപ്പാത്ത്-ചെങ്കര റോഡ് നിർമ്മാണവും ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും എത്ര തുക വീതം അനുവദിച്ചിട്ടുണ്ട്; ഇവയുടെ നിർമ്മാണപുരോഗതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഉടുമ്പൻചോല നിയമസഭാ മണ്ഡലത്തിൽ രാമക്കൽമേട് ടൂറിസം പദ്ധതി മാത്രമേ ഇപ്പോൾ നടപ്പിലാക്കിവരുന്നുള്ളൂ. ഈ പദ്ധതിക്ക് 34,77,380 രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) രാമക്കൽമേട് ടൂറിസം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അഞ്ചുരുളിയുടെ ടൂറിസം വികസനത്തിനായുള്ള 13 ലക്ഷം രൂപ മതിപ്പ് ചെലവിലുള്ള ഒരു പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം 22-2-2006-ൽ കൂടുവാൻ തീരുമാനിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി പരിശോധിക്കുന്നതാണ്. ചപ്പാത്ത്-ചെങ്കര റോഡ് നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) രാമക്കൽമേട് ടൂറിസം പദ്ധതി - അനുവദിച്ച തുക 34,77,380 രൂപ. പ്രസ്തുത പ്രോജക്ട് പൂർത്തിയാകാറായി.

സത്രങ്ങളുടെ പ്രവർത്തനം

77(1556) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹിന്ദുമതധർമ്മ സ്ഥാപന(ഭരണ) വകുപ്പിന്റെ കീഴിൽ എത്ര സത്രങ്ങളുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) സത്രങ്ങളുടെ പ്രവർത്തനം നടത്താൻ പ്രത്യേക സമിതിയുണ്ടോ;

(സി) സത്രങ്ങൾക്ക് ലഭിക്കുന്ന വരുമാനങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) സത്രങ്ങൾക്ക് വാടക നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) സത്രങ്ങൾ ഈടാക്കിവരുന്ന വാടകയ്ക്ക് ലക്ഷ്വറി ടാക്സ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത ലക്ഷ്വറി ടാക്സ് ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) പതിനേഴ് എണ്ണം.

(ബി) ഇല്ല.

(സി) വാടകയാണ് സത്രങ്ങളുടെ വരുമാനം.

(ഡി) ഉണ്ട്. എന്നാൽ കൊട്ടിയൂരുള്ള 3 സത്രങ്ങൾക്ക് വാടക ഈടാക്കി വരുന്നില്ല.

(ഇ) ശ്രീ. തിരുനെല്ലി ദേവസ്വത്തിന്റെ കാര്യത്തിൽ ലക്ഷ്വറി ടാക്സ് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

താമരക്കുളം പഞ്ചായത്തിലെ വയ്യാങ്കര ടൂറിസം പദ്ധതി

78(1557) ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ താമരക്കുളം പഞ്ചായത്തിലെ വയ്യാങ്കര ടൂറിസം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) എന്നത്തേയ്ക്ക് ഈ പദ്ധതി ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഏതൊക്കെ പദ്ധതികളാണ് ഇവിടെ നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വയ്യാങ്കര ടൂറിസം വികസനത്തിന്റെ ഭാഗമായി 9,62,303 രൂപയുടെ ഒരു പദ്ധതിക്ക് ഒന്നാം ഘട്ടമായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കി പദ്ധതി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly